**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 227** **12-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് -19**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ . ബാബു | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | കോവിഡ് -19 മഹാമാരി തടയുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച പ്രതിരോധ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് കോവിഡ്-19 രോഗബാധ സ്ഥിതീകരിക്കുന്നതിന് മുൻപ്, ലോകാരോഗ്യ സംഘടനയിൽ നിന്നും കൊറോണ വൈറസിനെക്കുറിച്ച് അറിയിപ്പ് ലഭിച്ചപ്പോൾ തന്നെ കേന്ദ്രത്തിൽ നിന്നും, NCDC-യിൽ നിന്നുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ ജില്ലകളിലേക്കും ലഭ്യമാക്കുകയും ജാഗ്രത നിർദ്ദേശം നൽകുകയും, അതനുസരിച്ചുള്ള തയ്യാറെടുപ്പുകൾ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുകയും ചെയ്തു. വിമാനത്താവളങ്ങളിലും, തുറമുഖങ്ങളിലും വിദേശത്തു നിന്നും മടങ്ങിയെത്തുന്നവരുടെ സ്ക്രീനിങ്ങും ആരംഭിച്ചു. ആരോഗ്യ വകുപ്പിലേയും അനുബന്ധ വകുപ്പുകളിലേയും ജീവനക്കാർക്കുവേണ്ടി കോവിഡ് നിയന്ത്രണ പ്രതിരോധ മാർഗ്ഗങ്ങൾ സംബന്ധിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും, മാർഗ്ഗ നിർദ്ദേശങ്ങൾ പുറത്തിറക്കുകയും ചെയ്തു. കോവിഡ് -19 രോഗ വ്യാപനം തടയുന്നതിന് സംസ്ഥാനമൊട്ടാകെയുള്ള ജനങ്ങളുടെ പങ്കാളിത്തം ഉൾക്കൊള്ളിച്ച് "ബ്രേക്ക് ദി ചെയിൻ”, SMS എന്നീ ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും പ്രസ്തുത ക്യാമ്പയിനുകൾ നിലവിലും ആവർത്തിച്ചു വരികയും ചെയ്യുന്നു. രോഗ വ്യാപനത്തിനെതിരെ എല്ലാ വിധ ദൃശ്യ - ശ്രവ്യ സാമൂഹിക മാധ്യമങ്ങൾ വഴിയും ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിച്ചു വരുന്നുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സ്റ്റേറ്റ് കൺട്രോൾ സെല്ലും, എല്ലാ ജില്ലകളിലും കൺട്രോൾ റൂമുകളും സജ്ജീകരിക്കുകയും, ദിനം പ്രതിയുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും വിലയിരുത്തുകയും, ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തുവരുന്നു. എല്ലാ ജില്ലകളിലും സംസ്ഥാന തലത്തിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കോൾ സെന്ററുകൾ സജ്ജമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ജനങ്ങളുടെ സംശയ നിവാരണത്തിനായി ഇതിന്റെ സേവനം ഉപയോഗപ്പെടുത്തി വരുന്നു. കോവിഡ് ബാധിതർക്കായി സംസ്ഥാനത്തുടനീളം സൗജന്യ ക്വാറന്റൈൻ കേന്ദ്രങ്ങളും CFLTC കളും സജ്ജീകരിക്കുകയും എല്ലാ ജില്ല / ജനറൽ ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിലും സൗജന്യ ചികിത്സ ലഭ്യമാക്കുകയും ചെയ്തു വരുന്നു. കൂടാതെ പ്രൈവറ്റ് ലാബുകളിലെ പരിശോധന നിരക്കുകൾ സർക്കാർ ഉത്തരവിലൂടെ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് ടെസ്റ്റുകളുടെ എണ്ണം ആനുപാതികമായി വർദ്ധിപ്പിക്കുകയും രോഗവ്യാപനം ഫലപ്രദമായി തടയുന്നതിനാവശ്യമായ എല്ലാ പ്രവർത്തനങ്ങളും കേന്ദ്ര സർക്കാരിന്റേയും, WHO-യുടേയും നിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കിവരികയും ചെയ്യുന്നു. സംസ്ഥാനത്തുടനീളം ആരോഗ്യ പ്രവർത്തകർക്കുള്ള സുരക്ഷാ ഉപകരണങ്ങളുടേയും, മരുന്നുകളുടേയും പരിശോധനാ കിറ്റുകളുടേയും ലഭ്യത ഉറപ്പാക്കുകയും ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി കരാർ ജീവനക്കാരെ നിയമിക്കുകയും ചെയ്തു. കോവിഡ് രോഗികളുടെയും നിരീക്ഷണത്തിൽ കഴിയുന്നവരുടേയും മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനായി "ഒറ്റയ്ക്കല്ല – ഒപ്പമുണ്ട്" എന്ന ക്യാമ്പയിനും സ്റ്റേറ്റ് മെന്റൽ ഹെൽത്തിന്റെ കീഴിൽ നടന്നുവരുന്നു. കൂടാതെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായ രീതിയിൽ നടത്തിവരുന്നതിന്റെ ഭാഗമായി പ്രതിരോധത്തിൽ ഏറ്റവും പ്രധാനപ്പെട്ട പി.പി.ഇ കിറ്റുകൾ, എൻ 95 മാസ്ക്, 3 ലെയർ മാസ്ക്, സാനിറ്റൈസർ, ഗ്ലൗസുകൾ തുടങ്ങി 15 ഓളം സുരക്ഷാ ഉപാധികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലൂടെ സംഭരിച്ച് വിതരണം ചെയ്തുവരുന്നു. രോഗികളുടെ എണ്ണം വർദ്ധിച്ചതനുസരിച്ച് അവരുടെ ചികിത്സയ്ക്കായി രോഗ തീവ്രതയനുസരിച്ച് പലതലങ്ങളിലുമുള്ള ചികിത്സാ സൗകര്യങ്ങൾക്കായി CFLTC, CSLTC, കോവിഡ് ആശുപത്രികൾ തുടങ്ങിയവ സജ്ജമാക്കി. വെന്റിലേറ്റർ & ക്രിട്ടിക്കൽ കെയർ ഉപകരണങ്ങൾ പൾസ് ഓക്സിമീറ്റർ & ഓക്സിജൻ എന്നിവയുടെ ലഭ്യത എന്നിവ ഉറപ്പാക്കി. കോവിഡ് രോഗികൾക്ക് രോഗതുടർച്ചയായി ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും, വേണ്ട ചികിത്സാ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാന സർക്കാരിന്റെ ഇത്തരം പ്രതിരോധ പ്രവർത്തനങ്ങൾമൂലം മരണനിരക്ക് കുറയ്ക്കാനായിട്ടുണ്ടോ? | (ബി) | ഉണ്ട്. ആരോഗ്യ വകുപ്പിന്റേയും ഇതര വകുപ്പുകളുടേയും സംയോജിതമായ ആത്മ സമർപ്പണത്തോടെയുള്ള പ്രവർത്തനങ്ങളിലൂടെ കോവിഡ് വ്യാപനം നിയന്ത്രിക്കുന്നതിനും, മരണനിരക്ക് കുറയുന്നതിനും സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ നിലവിലെ മരണ നിരക്ക് 0.4 % മാത്രമാണ്. |

സെക്ഷൻ ഓഫീസർ